# കേരള സർവകലാശാല

നം.പി.ആർ.93/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷ തീയതി

മാർച്ച് 23 മുതൽ നടത്താനിരുന്നതും ലോക്ക് ഡൌൺ കാരണം മാറ്റിവെച്ചതുമായ ഒന്ന് , നാല് വർഷ ബി.എഫ്.എ ബിരുദ കോഴ്സിന്റെ ബാക്കി പരീക്ഷകൾ യഥാക്രമം ജൂൺ 22, 15 മുതൽ നടത്തുന്നതിനായി പുന:ക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ വെബ് സൈറ്റിൽ ലഭ്യമാണ്

### പരീക്ഷാ ഫലം

2019 ഒക്ടോബർ മാസം നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ഗ്രൂപ്പ് 2(a) മൂന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) പ്രോഗ്രാമിന്റെ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി , 2016, 2015, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

### ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സ്

സി.ബി.സി.എസ് ബി.എ/ ബി.എസ്സി/ ബി.കോം , കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് 2013 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്സിന് വേണ്ടി നൽകുന്ന അപേക്ഷകൾക്കൊപ്പം ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സിന്റെ പകർപ്പ് തയ്യാറാക്കി സമർപ്പിക്കേണ്ടതില്ല. ജൂൺ 1 മുതൽ സർവകലാശാല തയ്യാറാക്കുന്ന ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സ് ആണ് അപേക്ഷകർക്ക് നല്കുന്നത്. വിദ്യാർത്ഥികൾ ഫീസ് ഒടുക്കിയ അപേക്ഷയോടൊപ്പം ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ,ഡിഗ്രി /പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഒന്നു മുതൽ ആറു വരെയുള്ള സെമസ്റ്റർ മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ് .

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
01.06.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098